## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1243** — **06/03/2018-ൽ മറുപടിയ്ക്ക്**

## പഴം, പച്ചക്കറി വിപണന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന പഴം, പച്ചക്കറി വിപണന കേന്ദ്രങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് ആകെ ഹോർട്ടികോർപ്പിന് 94 സ്വന്തം സ്റ്റാളുകളും 253 ഫ്രൈഞ്ചൈസി സ്റ്റാളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമെ 500 ഓളം സർക്കാർ സ്കൂളുകൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ കൂടിയും പച്ചക്കറി വിപണനം നടത്തുന്നുണ്ട്. |
| ബി) പുതുതായി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവയുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ; | ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തം സ്റ്റാളുകളും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഫ്രാഞ്ചൈസി സ്റ്റാളുകളും ആരംഭിക്കുന്നതാണ്. അടുത്ത ആറ് മാസത്തിനുള്ളിൽ 84 സ്റ്റാളുകൾ ആരംഭിക്കുന്നതാണ്. സ്റ്റാളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 11<br>കൊല്ലം - 4<br>ആലപ്പുഴ - 4<br>പത്തനംതിട്ട - 6<br>കോട്ടയം - 10<br>എറണാകുളം - 11<br>തൃശ്ശൂർ -, 5<br>കണ്ണൂർ - 3 |

(contd..........)

| | |
|---|---|
| ഇടുക്കി | - 2 |
| വയനാട് | - 9 |
| കോഴിക്കോട് | - 3 |
| മലപ്പുറം | - 12 |
| പാലക്കാട് | - 4 |

**സി)** മലപ്പുറം ജില്ലയുടെ ആവശ്യം പരിഗണിച്ച് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ/അല്ലാത്ത വിപണന കേന്ദ്രങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുമോ?

**സി)** മലപ്പുറം ജില്ലയിലെ വിപണന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ വണ്ടൂരിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. അടുത്ത ആറ് മാസത്തിനുള്ളിൽ നിലമ്പൂർ, മഞ്ചേരി, വണ്ടൂർ, പെരിന്തൽമണ്ണ, തിരൂർ, കരുവാരകുണ്ട്, അരീക്കോട്, കിഴിശ്ശേരി, തിരൂരങ്ങാടി, മലപ്പുറം എന്നിവിടങ്ങളിൽ പുതുതായി സ്റ്റാൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ